# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2347

05.02.2018-ൽ
മറുപടിയ്ക്ക്

## റാന്നി റബ്ബർ പാർക്ക്

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

എ) റാന്നി റബ്ബർ പാർക്ക് നിർമ്മാണം എന്നാണ് പ്രഖ്യാപിച്ചത്; ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയാണ്; റാന്നി റബ്ബർ പാർക്കിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതെ ന്തുകൊണ്ടെന്നും വിശദമാക്കാമോ;

ബി) റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ റാന്നിയിൽ ആരംഭിക്കാനുദ്ദേ ശിക്കുന്ന വ്യവസായ പാർക്ക് സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എ) & ബി) കിൻഫ്രയും റബ്ബർ ബോർഡും സംയുക്തമായി റാന്നിയിൽ ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് 22/05/2008-ലെ G.O.(Rt)No.516/2008/ID നമ്പർ ഉത്തരവ് പ്രകാരം കിൻഫ്രക്ക് അനുമതി ലഭിക്കുകയുണ്ടായി. എന്നാൽ, ഭൂമി ഏറ്റെടുക്കുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നതിനാൽ റാന്നിയിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന റബ്ബർ പാർക്ക് വേണ്ടെന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ പത്തനംതിട്ട ജില്ലയിൽ മണിയാറിൽ 1000 ഏക്കർ ഭൂമി വ്യവസായ പാർക്ക് നിർമ്മിക്കുവാൻ ലഭ്യമാണെന്ന് സ്ഥലം എം.എൽ.എ. അറിയിച്ചതിനെതുടർന്ന് കിൻഫ്രയുടെ സാങ്കേതിക വിഭാഗം സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. 22.08.2017-ൽ നടന്ന യോഗത്തിൽ സ്ഥലം സർവ്വെ നടത്തുന്നതിനും അതിനായി പ്രത്യേകം സർവ്വെ ഏജൻസിയെ നിയമിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം സർവ്വെ നടത്തുന്നതിനുള്ള നടപടികൾ പത്തനംതിട്ട ജില്ലാ കളക്ടർ റവന്യൂ വകുപ്പുമായി ചേർന്ന് സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ